കാട്ടാക്കട വണ്ടന്നൂർ റോഡ് നന്നാക്കണമെന്ന ആവശ്യം

36 (1278) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര-കാട്ടാക്കട പി.ഡബ്ല്യു.ഡി. റോഡിൽ വണ്ടന്നൂർ ഭാഗത്ത് വയൽ നികത്തി റോഡ് ഉയർത്തി മെറ്റൽ ചെയ്തത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഭാഗത്ത് മെറ്റൽ ഇളകി റോഡ് ഗതാഗതയോഗ്യമല്ലാതായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഭാഗത്ത് റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) 6-5-1998-ൽ

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത ഭാഗത്ത് റോഡ് ടാർ ചെയ്യുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ട്.

ചെറുവണ്ണൂർ-വടകര റോഡിന്റെ നിർമ്മാണം

37 (1279) ശ്രീമതി എൻ. കെ. രാധ : താഴെകാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചെറുവണ്ണൂർ-വടകര റോഡിന്റെ പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

പേരാമ്പ്ര നിയോജക മണ്ഡലത്തിലെ പേരാമ്പ്ര-ചെറുവണ്ണൂർ-വടകര റോഡ് 0/0 മുതൽ 9/800 വരെ വീതി കൂട്ടി അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി 67 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പണിക്ക് 1999-2000 ബഡ്ജറ്റിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഗവൺമെന്റ് ക്വാർട്ടേഴ്സിൽ അനധികൃതമായി താമസിക്കുന്നവർ

38 (1280) ശ്രീമതി ആർ. ലതാദേവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ വെള്ളിയിലുള്ള ഗവൺമെന്റ് ഓഫീസേഴ്സ് ക്വാർട്ടേഴ്സിൽ ജില്ലയിൽ നിന്നും സ്ഥലംമാറിയവരും റിട്ടയർ ചെയ്തവരുമായവർ താമസിക്കുന്നുണ്ട് എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനർഹമായി താമസിക്കുന്നവരാരെന്നും അവരുടെ ഔദ്യോഗിക സ്ഥാനമെന്തെന്നും ഏതെല്ലാം ക്വാർട്ടേഴ്സുകളിലാണ് അവർ താമസിച്ചു വരുന്നതെന്നും വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly